**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78** **18-09-2025 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നികളെയും നാടൻ കുരങ്ങുകളെയും നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജനവാസ മേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ ഇല്ലായ്മ ചെയ്യുന്നതിന് പഞ്ചായത്തുകളെ അധികാരപ്പെടുത്തിയതിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ കാലാവധി ദീർഘിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ജനവാസ മേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ്ലൈഫ് വാർഡനായി ചുമതലപ്പെടുത്തിയും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസറായി ചുമതലപ്പെടുത്തിയും 1972 ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും, ടി നിയമപ്രകാരം ഷെഡ്യൂൾ 2 ൽ ഉൾപ്പെട്ട കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ചീഫ് വൈൽഡ്ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ഡെലിഗേറ്റ് ചെയ്തുകൊണ്ട് ചീഫ് വൈൽഡ്ലൈഫ് വാർഡൻ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. കാടിന് പുറത്ത് ജനവാസമേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായിട്ടുള്ള കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് പഞ്ചായത്തുകളെ അധികാരപ്പെടുത്തിയിട്ടുള്ള ഉത്തരവിന്റെ കാലാവധി സ.ഉ.(കൈ) നം. 17/2025/വനം തീയതി 28/05/2025 പ്രകാരം 27/05/2026 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കൂടാതെ അപകടകാരികളായ കാട്ടുപന്നികളെ കൊല്ലുന്നതിന് അംഗീകൃത ഷൂട്ടർമാർക്കുള്ള ഓണറേറിയം 1500 രൂപാ നിരക്കിലും, കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം മറവു ചെയ്യുന്നതിനുള്ള ചെലവിനത്തിൽ 2000 രൂപയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഫണ്ടിൽ നിന്നും വകയിരുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നൽകുവാൻ GO(Rt) No. 108/2025/DMD തീയതി 06/03/2025 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് പഞ്ചായത്തുകളെ അധികാരപ്പെടുത്തിയതിന് ശേഷം 2025 ജൂലൈ വരെ കാട്ടുപന്നികളെ ഇല്ലായ്മ ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (ബി) | കാടിന് പുറത്ത് ജനവാസമേഖലയിൽ മനുഷ്യരുടെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നി-കളെ ഇല്ലായ്മ ചെയ്യുന്നതിന് പഞ്ചായത്തുകളെ അധികാരപ്പെടുത്തിയതിന് ശേഷം 2025 ജൂലൈ വരെ 4734 (നാലായിരത്തി എഴുന്നൂറ്റി മുപ്പത്തിനാല് ) കാട്ടു പന്നികളെ കൊന്ന് ഇല്ലായ്മ ചെയ്തിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്ത് നാടൻ കുരങ്ങുകളെ നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | ജനവാസമേഖലകളിൽ നാടൻ കുരങ്ങുകളുടെ സാന്നിദ്ധ്യം മൂലമുണ്ടാകുന്ന സംഘർഷങ്ങളുടെ യഥാർത്ഥ കാരണങ്ങളും, പൊതുവായും പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് വ്യത്യസ്തമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികൾ ഉൾക്കൊള്ളിച്ചും വിശദമായ പ്രപ്പോസൽ തയാറാക്കിയിട്ടുണ്ട്. നാടൻ കുരങ്ങുകൾ മൂലമുണ്ടാ-കുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഫലപ്രദമായി ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടു കൂടി 'Mission Bonnet Macaque' എന്ന പേരിൽ വനം വകുപ്പ് തയ്യാറാക്കിയ പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നിലവിൽ നാടൻ കുരങ്ങുകൾ 1972 ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ ഒന്നാം പട്ടികയിൽ ഉൾപ്പെടുന്ന വന്യജീവി ആയതിനാൽ ഇവയുടെ എണ്ണം നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. എന്നിരുന്നാലും കുരങ്ങുകളുടെ എണ്ണം ക്രമാതീതമായി പെരുകി സംഘർഷങ്ങൾക്ക് കാരണ-മാകുന്ന പ്രദേശങ്ങളിൽ, ഇവയെ നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടുന്നതുൾപ്പെടെ-യുള്ള നടപടികളും ഈ പദ്ധതി ലക്ഷ്യമിടുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ വിശദമായ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ രംഗത്തെ വിദഗ്ധരെ കണ്ടെത്തുകയും വിശദമായ ഒരു ശില്പശാല നടത്തുകയും ചെയ്തിട്ടുണ്ട്. ശില്പശാലയിൽ ഉരുത്തിരിഞ്ഞ വിദഗ്ധാഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിന് അന്തിമരൂപം നൽകി ഉടൻ തന്നെ കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.<br>നാടൻ കുരങ്ങുകൾ മൂലം പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന പ്രദേശങ്ങളിൽ ആവശ്യാനുസ-രണം കൂടുവച്ചോ, വല വീശിയോ സുരക്ഷിതമായി പിടികൂടി വിദൂര വനപ്രദേശങ്ങളിലെ അനുയോജ്യമായ ആവാസ വ്യവസ്ഥകളിലേക്ക് വിട്ടയയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നാടൻ കുരങ്ങുകളുടെ ശല്യം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് പ്രവർ-ത്തിക്കുന്ന 28 ആർ.ആർ.ടി.കളും വിവിധ ഫോറസ്റ്റ് |

| | | | |
|---|---|---|---|
| | | | സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സാറ്റലൈറ്റ് ആർ.ആർ.ടി.കളും സദാ സേവന സജ്ജരാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൊന്നു ഇല്ലായ്മ ചെയ്തിട്ടുള്ള കാട്ടുപന്നികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 796 |
| 2 | കൊല്ലം | 120 |
| 3 | പത്തനംതിട്ട | 157 |
| 4 | ആലപ്പുഴ | 41 |
| 5 | കോട്ടയം | 3 |
| 6 | ഇടുക്കി | 1 |
| 7 | എറണാകുളം | 6 |
| 8 | തൃശൂർ | 130 |
| 9 | പാലക്കാട് | 1457 |
| 10 | മലപ്പുറം | 826 |
| 11 | വയനാട് | 24 |
| 12 | കോഴിക്കോട് | 472 |
| 13 | കണ്ണൂർ | 677 |
| 14 | കാസർഗോഡ് | 24 |
| | ആകെ | 4734 |